പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **5532**

**04.07.2013** ൽ മറുപടിക്ക്

## പമ്പാനദീതട അതോറിറ്റി പ്രവർത്തനം

| | ചോദ്യം<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പമ്പാ നദീജലം മാലിന്യമുക്തമാക്കാ-നുളള പമ്പാദീതട അതോറിറ്റിയുടെ പദ്ധതികളൊന്നും നടപ്പായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പമ്പാറിവർ ബേസിൻ അതോറിറ്റി രൂപീകരിച്ചതിനുശേഷം പമ്പാ ആക്ഷൻ പ്ലാനിന്റെ 950 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചെങ്കിലും നാളിതുവരെ അംഗീ-കാരം ലഭിച്ചിട്ടില്ല. പമ്പാ ആക്ഷൻ പ്ലാൻ സമഗ്രമായ പഠനത്തിന് ശേഷം 319.5 കോടി രൂപയ്ക്ക് 1999 SOR പ്രകാരം 2002-ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അതിൽ പമ്പ, സന്നിധാനം എന്നീ പ്രദേശങ്ങൾ മാത്രമായി ഏറ്റെടുക്കേണ്ട പദ്ധതികൾക്ക് കേന്ദ്ര സർക്കാർ 18.45 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുമുണ്ടായി. ഈ റിപ്പോർട്ട് 2010 SOR പ്രകാരം റിവൈസ് ചെയ്ത് ബാക്കി ഉളള പണികൾക്കാണ് 950 കോടിക്കുളള റിപ്പോർട്ട് സമർപ്പിച്ചത്. |
| (ബി) | നദീജലത്തിൽ കോളിഫോം ബാക്ടീരി-യയുടെ അളവ് വർദ്ധിച്ച തോതിലാണെന്ന റിപ്പോർട്ടുകൾ പുറത്തു വന്നിട്ടുളള സാഹചര്യത്തിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പമ്പാ ആക്ഷൻ പ്ലാനിന്റെ Phase I പ്രോഗ്രാമിൽ ഉൾപ്പെടുത്തി മൂന്ന് തടയണകൾ നിർമ്മിച്ചതുമൂലം ശബരിമല തീർത്ഥാടകർക്ക് മാലിന്യമുക്തമായ വെളളത്തിൽ കുളിക്കുവാനുളള ഏർപ്പാട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും സന്നി-ധാനത്തിൽ നിന്ന് വരുന്ന മാലിന്യങ്ങൾ ഞുണങ്ങാർ വഴി പമ്പാനദിയിൽ ചേരുന്നത് ഇപ്പോഴും തുടരുന്നു. ഇതിലേക്കായി "5 MLD Sewage treatment Plant" സന്നിധാനത്തും "1.5 MLD Plant" പമ്പയിലും നിർമ്മിക്കുവാനുളള അംഗീ-കാരം PAP - I പ്രോഗ്രാമിൽ ഉൾപ്പെട്ടി- |

| | | | |
|---|---|---|---|
| | | | ട്ടുള്ളതാണെങ്കിലും ഡിസൈനിന്റെ സാങ്കേതിക തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കാലതാമസം ഉണ്ടായെങ്കിലും നിലവിൽ 'treatment plant' ന്റെ പണികളുടെ tender നടപടികൾ സ്വീകരിച്ചു വരികയാണ്. ഇത് പ്രാവർത്തികമാക്കുന്നതോടെ കോളിഫോം ബാക്ടീരിയയുടെ അളവ് കുറയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പമ്പാ റിവർ ബേസിൻ അതോറിറ്റി 2009-ൽ നിലവിൽ വന്നിട്ടും നദീജലത്തിൽ മാലിന്യം കലരാതിരിക്കാനുള്ള സംരക്ഷണ നടപടികളോ, ജലം മാലിന്യമുക്തമാക്കാനുള്ള പ്രായോഗിക നടപടികളോ ഇതേ വരെ ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) (ഡി) & (ഇ) | ഉണ്ട്. പമ്പാ റിവർ ബേസിൻ അതോറിറ്റി 2002 ൽ നിലവിൽ വന്നതോടെ യൂറോപ്യൻ യൂണിയന്റെ ധനസഹായത്തോടെ ഒരു Road Map, ദീർഘവീക്ഷണ കാഴ്ചപ്പാടിന്റെ നിർദ്ദേശങ്ങൾ അടങ്ങിയ പഠനം 2010 ൽ നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2002 ൽ നൽകിയ റിപ്പോർട്ട് പുനപരിശോധിച്ച് ജനപ്രതിനിധികളുടെ അഭിപ്രായത്തോടുകൂടി നൽകണമെന്ന് 09.05.2013 ൽ കൂടിയ മുഖ്യമന്ത്രിയുടെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ഇതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഡി) | പമ്പാ നദീജലത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ച തോതിലുള്ള പമ്പാ നദിയിലെ ജലം ഉപയോഗിക്കേണ്ടിവരുന്ന ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകരുടെയും നദീതീരവാസികളുടെയും ആരോഗ്യസുരക്ഷ കണക്കിലെടുത്ത് യഥാസമയം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ കഴിയാതിരുന്നതുമൂലമുള്ള ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ